പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.2994

15..12.2015 ൽ

മറുപടിനൽകേണ്ടിയിരുന്നത്

## ക്വാറി യൂണിറ്റുകൾക്ക് പ്രവർത്തനാനുമതി

ചോദ്യം

ശ്രീ.രാജു എബ്രഹാം:

ശ്രീ. കെ.സുരേഷ് കുറുപ്പ്:

ശ്രീ.കെ.കെ.ജയചന്ദ്രൻ:

ശ്രീ.ബി.ഡി. ദേവസ്സി :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2015-ൽ റവന്യൂ വകുപ്പ് പ്രവർത്തനാനുമതി നൽകിയ ക്വാറി യൂണിറ്റുകൾ നിയമവ്യവസ്ഥകൾ പാലിച്ചിട്ടുള്ളവയാണോ; വ്യക്തമാക്കുമോ; | (എ) | കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ 2015-ൽ റവന്യൂ വകുപ്പിൽ നിന്നും ക്വാറി പ്രവർത്തനത്തിന് പെർമിറ്റ് നൽകിയിട്ടില്ലാത്തതാണ്. 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ജിയോളജി വകുപ്പാണ് ക്വാറി പ്രവർത്തനത്തിന് അനുമതി നൽകുന്നത്. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തനാനുമതി നൽകിയ ക്വാറി യൂണിറ്റുകൾ നിയമവ്യവസ്ഥകൾ പാലിക്കുന്നതു സംബന്ധിച്ച് ജിയോളജി വകുപ്പ് മുഖാന്തിരം നടപടികൾ സ്വീകരിച്ചു വരുന്നു. എറണാകുളം, |

| | | | |
|---|---|---|---|
| | | | വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ 2015-ൽ പ്രവർത്തനാനുമതി നൽകിയ ക്വാറികൾ നിയമവ്യവസ്ഥകൾ പാലിക്കുന്നതായി ജില്ലാകളക്ടർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | അനധികൃതമായും സർക്കാർ ഭൂമി കയ്യേറിയും സംസ്ഥാനത്ത് ക്വാറികൾ പ്രവർത്തിക്കുന്നതായി അറിയാമോ; ഇത്തരം കേസുകളിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ്, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ സർക്കാർ ഭൂമി കയ്യേറി ക്വാറി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.<br>കൊല്ലം, എറണാകുളം ജില്ലകളിൽ അനധികൃത പാറ ഖനനം നടത്തുന്നതിനെതിരെ 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു.<br>പത്തനംതിട്ട ജില്ലയിൽ അനധികൃതമായി സർക്കാർ ഭൂമി കയ്യേറി പാറ ഖനനം ചെയ്തതിന് റാന്നി താലൂക്കിൽ വടശ്ശേരിക്കര വില്ലേജിൽ മോഡേൺ റോക്ക്സ്, വിംറോക്ക്സ് ഗ്രാനൈറ്റ്സ് (പ്രൈ) ലിമിറ്റഡ് എന്നീ ക്വാറികൾക്കെതിരെയും കേരള ഭൂ സംരക്ഷണ നിയമ പ്രകാരം കേസെടുത്തിട്ടുള്ളതും ടി വിഷയത്തിൽ ബഹു: ഹൈക്കോടതിയിൽ കേസുകൾ |

| | | | |
|---|---|---|---|
| | | | നിലവിലുള്ളതുമാണ്. കോന്നി താലൂക്കിൽ അനധികൃതമായി സർക്കാർ ഭൂമി കയ്യേറി പാറഖനനം ചെയ്തതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം കേസെടുത്ത് നടപടി സ്വീകരിച്ചുവരുന്നു.<br>കോഴിക്കോട് ജില്ലയിൽ സർക്കാർ ഭൂമി കയ്യേറി ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽ-പ്പെട്ടിട്ടില്ല. എന്നാൽ സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള സ്ഥല-ങ്ങളിൽ നിന്നും അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നതിനെതിരെ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുകയും സ്ഥല ഉടമകളിൽ നിന്നും അനധികൃതമായി ഖനനം ചെയ്ത ധാതുവിന്റെ റോയൽറ്റിയും വിലയും ഈടാക്കുകയും ചെയ്തു വരുന്നതായും, ഇപ്രകാരം അനധികൃത ഖനനം നടത്തിയ കുറ്റത്തിന് 2015 ജനുവരി മാസം മുതൽ നവംബർ മാസം വരെ 36 കരിങ്കൽ ക്വാറികൾക്കെതിരെ നടപടി സ്വീകരിക്കുകയും റോയൽറ്റിയും വിലയും ഇനത്തിൽ 16,61,320 |

| | | | |
|---|---|---|---|
| | | | (പതിനാറ് ലക്ഷത്തി അറുപത്തി-യൊന്നായിരത്തി മുന്നൂറ്റി ഇരുപത് രൂപ) ഈടാക്കുകയും ചെയ്തതായും, കൂടാതെ അനധികൃതമായി പ്രവർത്തിച്ച 23 ചെങ്കൽ ക്വാറികൾക്കെതിരെയും നടപടി സ്വീകരിക്കുകയും റോയൽറ്റിയും വിലയും ഇനത്തിൽ 4,70,508/- (നാല് ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി എട്ട് രൂപ) ഈടാക്കുകയും ചെയ്തതായി ജിയോളജിസ്റ്റ് അറിയി-ച്ചിട്ടുള്ളതായി ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിൽ സർക്കാർ ഭൂമി കയ്യേറി ക്വാറികൾ പ്രവർത്തിക്കുന്ന-തായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2015-ൽ അനധികൃതമായി പ്രവർത്തിക്കുന്ന-തായി ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ട 165 എണ്ണം അനധികൃത ഖനനവും 29 എണ്ണം അനധികൃത ധാതു കടത്തും 03 എണ്ണം അനധികൃത ധാതു സംഭരണവും നിർത്തിവെപ്പിച്ച് 2015-ലെ കെഎംഎംസി ചട്ടങ്ങൾ പ്രകാരം പിഴയും റോയൽറ്റി ഇനത്തിൽ മൊത്തം 40,48,348/- രൂപ (നാല്പത് ലക്ഷത്തി നാല്പത്തി എട്ടായിരത്തി മുന്നൂറ്റി |

| | | | |
|---|---|---|---|
| | | | നാല്പത്തി എട്ടു രൂപ മാത്രം) ഈടാക്കി ജിയോളജിസ്റ്റ്, കണ്ണൂർ കോമ്പൗണ്ട് ചെയ്തതായി അറിയിച്ചിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ